**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 2037**

**11.06.2018 ൽ**
**മറുപടിക്ക്**

## ജനമൈത്രി പോലീസ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. പി.കെ. ശശി<br>ശ്രീ. എൻ. വിജയൻ പിള്ള | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ഭരണകൂടത്തിന്റെ മർദ്ദനോപകരണമെന്ന നിലയിൽ നിന്ന് ജനങ്ങൾക്ക് സുരക്ഷയും സേവനവും നൽകുന്നതിനും അതോടൊപ്പം സേവനം തേടി എത്തുന്നവരോട് സൗഹാർദ്ദപരമായി ഇടപെടുന്നതിനും പോലീസ് എത്രമാത്രം മാറിയിട്ടുണ്ട്; ജനമൈത്രി പോലീസ് സംവിധാനം എത്രമാത്രം പ്രയോജനപ്രദമാണെന്നു വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | എ) നിയമ പരിപാലനത്തിനും ക്രമസമാധാന പാലനത്തിനും പൂർണ്ണമായി ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പോലീസിംഗ് സംവിധാനമാണ് ജനമൈത്രി. ഒരു പ്രദേശത്തെ സുരക്ഷയെ സംബന്ധിച്ചുള്ള കാര്യങ്ങൾ, കളവ്, പിടിച്ചുപറി, വ്യാജവാറ്റ് കൂടാതെ കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നത് സംബന്ധിച്ചും സുരക്ഷാ ക്രമീകരണങ്ങളെ സംബന്ധിച്ചും മറ്റും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നു. ഒരു പ്രദേശത്തെ സംഘടിത കുറ്റകൃത്യങ്ങൾ, പരിസ്ഥിതിയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ എന്നിവയും ചർച്ച ചെയ്ത് കൂട്ടായി പരിഹാര മാർഗ്ഗങ്ങൾ തേടുന്നു. ജനമൈത്രി പോലീസിന്റേയും റെസിഡന്റ്സ് അസോസിയേഷനുകളുടെയും നേതൃത്വത്തിൽ ഓരോ കുടുംബത്തിലും ഉണ്ടാകുന്ന വ്യത്യസ്തമായ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കാനും വലിയൊരു പരിധിവരെ ഇതിലൂടെ കഴിയുന്നു. ജനമൈത്രി പോലീസിന്റെ ഭവന സന്ദർശനത്തിലൂടെ പൊതുജനങ്ങളുമായി ആശയ വിനിമയം നടത്തുവാനും അവരുടെ പ്രശ്നങ്ങൾ കേട്ട് മനസ്സിലാക്കുവാനും ആയതിനുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുവാനും കഴിയുന്നു. ഇത്തരം ഇടപെടലുകളിലൂടെ ജനങ്ങൾക്ക് |

പോലീസിനോടുള്ള മതിപ്പും വിശ്വാസവും വർദ്ധിപ്പിക്കാനും പോലീസ് ഉദ്യോഗസ്ഥർ ജനങ്ങളുടെ സുഹൃത്തുക്കളാണ് എന്ന ചിന്താഗതി വളർത്തിയെടുക്കുവാനും സാധിച്ചിട്ടുണ്ട്.

ബി) സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും ദുർബല ജനവിഭാഗങ്ങൾക്കും സുരക്ഷയൊരുക്കാൻ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ;

ബി) ഒരുക്കിയിട്ടുണ്ട്. സ്ത്രീകൾക്കു വേണ്ടി പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിച്ചുവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയൊരുക്കുന്നതിനായി പിങ്ക് ബീറ്റ് സംവിധാനം ജില്ലകളിൽ നടപ്പിലാക്കി വരുന്നു. മാത്രവുമല്ല എല്ലാ മാസവും ഒരു വനിതാ ബീറ്റ് ഓഫീസർ പഞ്ചായത്ത് തോറും സന്ദർശനം നടത്തുകയും വനിതകളിൽനിന്ന് പരാതി സ്വീകരിച്ച് ആയവ തീർപ്പാക്കുന്നതിനും സുരക്ഷ ഉറപ്പു വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മുതിർന്ന പൗരൻമാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി എല്ലാ പോലീസ് സ്റ്റേഷനിലും സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്ക് പ്രവർത്തിച്ചുവരുന്നു. കൂടാതെ എല്ലാ സ്റ്റേഷനിലും മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി എൽഡർ ഫ്രണ്ട്ലി ഓഫീസർമാരെ നിയോഗിച്ചിട്ടുള്ളതാണ്. ഒറ്റയ്ക്ക് താമസിക്കുന്ന മുതിർന്ന് പൗരന്മാരുടെയും ദുർബല വിഭാഗങ്ങളുടെയും വീടുകൾ കേന്ദ്രീകരിച്ച് നൈറ്റ് പട്രോളിംഗ് ശക്തമായി നടത്തി വരികയും ചെയ്യുന്നു.

കുട്ടികൾക്ക് സുരക്ഷയൊരുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 6 പോലീസ് സ്റ്റേഷനുകളെ ശിശുസൗഹൃദപോലീസ് സ്റ്റേഷനുകളാക്കി മാറ്റി നാമകരണം ചെയ്തിട്ടുണ്ട്. രൂപത്തിലും ഭാവത്തിലും ഘടനയിലും ഒരു ശിശുസൗഹൃദ പ്രവർത്തനവും അന്തരീക്ഷവും ഒരുക്കുകയെന്നുള്ളതാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്.

സി) കുറ്റാന്വേഷണവും ക്രമസമാധാനപാലനവും വേർപ്പെടുത്തുകയും പോലീസ് സ്റ്റേഷനുകളുടെ ചുമതല ഇൻസ്പെക്ടർമാർക്ക് നൽകുകയും ചെയ്തത് വഴി ഉദ്ദേശിക്കുന്ന നേട്ടം എന്താണ് വെളിപ്പെടുത്തുമോ?

സി) സംസ്ഥാനത്ത് സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചതിനു ശേഷം പോലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ട് ചെയ്യുന്ന വളരെ പ്രാധാന്യം അർഹിക്കുന്ന കേസ്സുകളിൽ ഇൻസ്പെക്ടർമാരുടെ സാന്നിദ്ധ്യം ഉണ്ടാകുകയും കേസ്സുകളുടെ അന്വേഷണ പുരോഗതി കൂടുതൽ കാര്യക്ഷമതയോടെ നടത്തുവാനും കഴിയുന്നുണ്ട്. കേസന്വേഷണവും ക്രമസമാധാന പാലനവും വേർതിരിച്ച് രണ്ടു

സബ് ഇൻസ്പെക്ടർമാരുടെ കീഴിലാക്കിയതോടെ കാര്യക്ഷമമായ കേസന്വേഷണവും ക്രമസമാധാന പാലനവും നടത്തുന്നതിന് സാഹചര്യം ഉണ്ടായി. സ്റ്റേഷൻ ചുമതല കൂടുതൽ പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരെ ഏൽപ്പിക്കാനായതോടെ പൊതുജനങ്ങൾക്ക് കൂടുതൽ മികച്ച സേവനങ്ങൾ നൽകാൻ കഴിയുന്നുണ്ട്. പോലീസ് ഇൻസ്പെക്ടറുടെ കേസന്വേഷണത്തിലെ പ്രവൃത്തി പരിചയവും കോടതികളിൽ കേസുകൾക്കായി നേരിട്ട് ഹാജരായി വിചാരണ നേരിട്ടതിന്റെ പരിചയവും മൂലം നിയമം കൂടുതൽ ശക്തമായി നടപ്പാക്കുന്നതിനും കേസന്വേഷണം കാര്യക്ഷമമായി നടത്തുന്നതിനും സഹായിക്കുന്നു.

സെക്ഷൻ ഓഫീസർ